കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കാണക്കാരി ഗ്രാമപഞ്ചായത്ത് - 2019 -20 വാർഷിക പദ്ധതി - വാറ്റുപുര (ജർമ്മൻ) കുടിവെള്ള പദ്ധതി (പ്രോജക്ട് നമ്പർ 101/ 19-20) കിണറിന് സംരക്ഷണ ഭിത്തിയും മൂടിനിർമ്മിക്കലും എന്ന പ്രവർത്തി നടപ്പിലാക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം. 981/ 2019/ തസ്വഭവ തിരുവനന്തപുരം, തീയതി, 15.05.2019.

---

പരാമർശം : (1)കാണക്കാരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.04.2019 ലെ A1-5/19 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2019 -20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 2,00,000 രൂപ അടങ്കൽ തുകയുള്ള വാറ്റുപുര (ജർമ്മൻ) കുടിവെള്ള പദ്ധതി (പ്രോജക്ട് നമ്പർ 101/ 19-20) കിണറിന് സംരക്ഷണ ഭിത്തിയും മൂടിനിർമ്മിക്കലും എന്ന പ്രവൃത്തി ടെൻഡർ ക്ഷണിച്ച് 08.03.2019 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചുവെങ്കിലും 10.03.2019 ൽ ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ എഗ്രിമെന്റ് വെയ്ക്കാൻ സാധിച്ചില്ലെന്നും കുടിവെള്ളത്തിന്റെ അടിയന്തര സാഹചര്യം കണക്കിലെടുത്തും മഴക്കാലമായാൽ ഈ പ്രവൃത്തി നടപ്പാക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നതിനാലും ടി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള അനുവാദം ബഹു.ഇലക്ഷൻ കമ്മീഷനിൽ നിന്നും വാങ്ങി ടി പ്രോജെക്ട് നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കാണക്കാരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. മേൽ പ്രവൃത്തിക്കായി ടെൻഡർ ക്ഷണിക്കുകയും ആയതു 08.03.2019 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2019 -20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 2,00,000 രൂപ അടങ്കൽ തുകയുള്ള വാറ്റുപുര (ജർമ്മൻ) കുടിവെള്ള പദ്ധതി (പ്രോജക്ട് നമ്പർ 101/ 19-20) കിണറിന് സംരക്ഷണ ഭിത്തിയും മൂടിനിർമ്മിക്കലും എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.

പ്രസിഡന്റ്/സെക്രട്ടറി, കാണക്കാരി ഗ്രാമ പഞ്ചായത്ത്, കോട്ടയം .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ